# ഇജ്തിഹാദും ശരീഅത്തും

ടി.കെ. ഉബൈദ്

നാലാം നൂറ്റാണ്ടുമുതലേ വിവാദപരമായി തുടരുന്ന രണ്ട് വിഷയങ്ങളാണ് ഇജ്തിഹാദും തഖ്‌ലീദും. പതിനാലാം നൂറ്റാണ്ടിൽ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെ ഈ വിവാദം കൂടുതൽ സജീവവും ശ്രദ്ധേയവുമായിത്തീർന്നിരിക്കുന്നു. ഇജ്തിഹാദ് ആധുനിക സാഹചര്യത്തിൽ നിർബന്ധമാണ് എന്നുമുതൽ നിഷിദ്ധമാണ് എന്നുവരെയുള്ള ഭിന്ന വിരുദ്ധ വീക്ഷണങ്ങളാണ് പ്രകടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒരുവശത്ത് ഇജ്തിഹാദ് ഇസ്‌ലാമിക ശരീഅത്തിന്റെ ജീവസ്പന്ദനമായി ചിത്രീകരിക്കപ്പെടുമ്പോൾ മറുവശത്ത് അത് ശരീഅത്തിന്റെ അന്തക ശക്തിയായി സമർഥിക്കപ്പെടുന്നു.

## എന്താണ് ഇജ്തിഹാദ്?

ഖുർആനും സുന്നത്തും പരാമർശിച്ചിട്ടില്ലാത്ത പ്രശ്നങ്ങളിൽ, പ്രസ്തുത മൗലിക പ്രമാണങ്ങളെ ആധാരമാക്കി വിധികൾ നിർധാരണം ചെയ്യാൻ യത്നിക്കുകയാണ്, ഫിഖ്ഹിന്റെ സാങ്കേതിക ഭാഷയിൽ ഇജ്തിഹാദ്. മുഹമ്മദ് നബി(സ)യുടെ ജീവിതകാലത്ത്, ഖുർആനിലൂടെയും തിരുജീവിതത്തിലൂടെയും അവതീർണമാകുന്ന ദൈവികവിധികൾ മാത്രമായിരുന്നു ഇസ്‌ലാമിക ശരീഅത്തിന്റെ സ്രോതസ്സ്. അതിലപ്പുറം ഒരു ഉറവിടം അന്ന് ആവശ്യമില്ലായിരുന്നു. നബി(സ)യുടെ വിയോഗത്തോടെ ദിവ്യസന്ദേശം നിലച്ചു. പ്രവാചകശിഷ്യന്മാർ അവരുടെ ജീവിതപ്രശ്നങ്ങളിൽ വിശുദ്ധ ഖുർആനിനെയും തിരുചര്യയെയും അനുകരിച്ചു. പക്ഷേ, കാലാന്തരത്തിൽ ഖുർആനിലും തിരുചര്യയിലും നേരിട്ട് ഉദാഹരണമില്ലാത്ത പല പ്രശ്നങ്ങളും അവർക്ക് നേരിടേണ്ടിവന്നു. അത്തരം സന്ദർഭങ്ങളിൽ അവർ മുമ്പിലുള്ള പ്രശ്നത്തിന് മൗലിക പ്രമാണങ്ങൾ പരാമർശിച്ച ഏതെങ്കിലും പ്രശ്നത്തോട് സാദൃശ്യമുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെന്ന് കണ്ടാൽ അതിന്റെ വിധി പ്രകൃത പ്രശ്നത്തിനും നൽകുകയും ചെയ്തു. അത്തരം വിദൂര സാദൃശ്യങ്ങളും ഇല്ലാത്ത പ്രശ്നങ്ങളിൽ ഖുർആന്റെയും സുന്നത്തിന്റെയും മൗലികാദർശങ്ങൾക്കും അധ്യാപനങ്ങൾക്കും അനുയുക്തമായ വിധികൾ സ്വന്തം ചിന്തിച്ചും കൂടിയാലോചിച്ചും കണ്ടെത്തുകയായിരുന്നു അവരുടെ സമ്പ്രദായം. ഇതായിരുന്നു ഇജ്തിഹാദിന്റെ പ്രഥമ രൂപം.

സിറിയ, ഇറാഖ്, പേർഷ്യ തുടങ്ങിയ അനറബ് പ്രദേശങ്ങൾകൂടി ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭാഗമാവുകയും തദ്ദേശവാസികൾ മുസ്‌ലിംകളാവുകയും ചെയ്തതോടെ ഇജ്തിഹാദിന്റെ പ്രസക്തിയും പ്രാധാന്യവും പതിന്മടങ്ങ് വർധിച്ചു. ഭാഷയിൽ മാത്രമല്ല, സാംസ്കാരിക പാരമ്പര്യങ്ങളിലും ജീവിത ചുറ്റുപാടുകളിലും കൂടി തികച്ചും വ്യത്യസ്തരായ സമുദായങ്ങളെയാണ് പുതിയ പ്രദേശങ്ങളിലെത്തിച്ചേർന്ന പ്രവാചകശിഷ്യന്മാർ കണ്ടത്. അവരുടെ മുമ്പിൽ അസംഖ്യം പ്രശ്നങ്ങൾ ഉയർന്നുവന്നു. പ്രമാണങ്ങൾ പെരുകിയില്ല. പരിമിതമായതുകൊണ്ട് അപരിമേയമായതിനെ ക്രമീകരിക്കാനാവില്ലല്ലോ.

വിവിധ നഗരങ്ങളിൽ പ്രബോധകരായി എത്തിച്ചേർന്ന പ്രവാചകാനുചരന്മാർ എല്ലാവരും ഖുർആനിൽ ഏറക്കുറെ ഒരുപോലെ അഭിജ്ഞന്മാരായിരുന്നു. എന്നാൽ സുന്നത്തിലുള്ള അവരുടെ വിജ്ഞാനം അങ്ങനെയായിരുന്നില്ല. ചിലർ ഏറെക്കാലത്തെ പ്രവാചകസഹവാസം സിദ്ധിച്ചവരും കൂടുതൽ ഹദീസുകൾ പഠിച്ചവരുമായിരുന്നു. മറ്റു ചിലർ നേരെ മറിച്ചും. ചില നഗരങ്ങളിൽ കൂടുതൽ സ്വഹാബികൾ വന്നുചേർന്നു. മറ്റു ചിലേടങ്ങളിൽ കുറച്ചാളുകളേ എത്തിയിരുന്നുള്ളൂ. പല നഗരങ്ങളിൽ ചെന്നെത്തിയ പല സ്വഹാബികൾ പല കാലങ്ങളിൽ പ്രവാചകനോട് സഹവസിച്ചവരും പല വിധത്തിൽ സുന്നത്തിനെ ഗ്രഹിച്ചവരുമായിരുന്നു. ഇത് ഹദീസുകളിൽ വൈവിധ്യവും ചിലപ്പോൾ വൈരുധ്യവും കാണപ്പെടാൻ കാരണമായി. സ്വഹാബികൾ പല ഭൂപ്രദേശങ്ങളിലായി ചിതറിപ്പോയതുകൊണ്ട്, അവർക്ക് പരസ്പരം കൂടിയാലോചിച്ച് ഏകോപിതമായ തീരുമാനങ്ങളെടുക്കാൻ സാധ്യമാകുമായിരുന്നില്ല. സ്വഹാബികളുടെ പിൻഗാമികളായ താബിഉകളുടെ കാലമായപ്പോൾ, ഹദീസ് നിവേദനങ്ങളിൽ പ്രകടമായ അസംഖ്യം വൈവിധ്യങ്ങളും വൈരുധ്യങ്ങളും മൂലം പ്രമാണങ്ങൾ പരാമർശിച്ച വിഷയങ്ങളിൽതന്നെയും ഇജ്തിഹാദ് അനിവാര്യമായ ഒരു സാഹചര്യം സംജാതമായി. ഖുർആനിലും സുന്നത്തിലും നൽകപ്പെട്ടിട്ടുള്ള വിധികൾതന്നെ ദീനിന്റെ മൗലിക ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടാത്ത ചില പ്രത്യേക സാഹചര്യങ്ങളും ഇടക്കിടെ ഉളവായിക്കൊണ്ടിരുന്നു. ഈദൃശ പരിതഃസ്ഥിതികളിൽ ഇജ്തിഹാദ് ഇസ്‌ലാമിക ശരീഅത്തിന്റെ ജീവൽഘടകമായി പരിണമിക്കുക സ്വാഭാവികമായിരുന്നു.

ഇസ്‌ലാം സമഗ്രമായ ഒരു ജീവിതരീതിയാണ് എന്ന മതസങ്കൽപമായിരുന്നു പുതിയ പ്രശ്നങ്ങളിൽ ഗവേഷണ നിരീക്ഷണങ്ങൾ നടത്തി പ്രമാണയുക്തമായ നിയമങ്ങളാവിഷ്കരിക്കുന്നതിന് മുസ്‌ലിം ധിഷണാശാലികളെ പ്രേരിപ്പിച്ച മുഖ്യഘടകം. ബുദ്ധിമാന്മാരോട് ചിന്തിക്കാനും പാഠമുൾക്കൊള്ളാനും ആഹ്വാനം ചെയ്യുന്ന ഖുർആൻ സൂക്തങ്ങളും, 'ഇജ്തിഹാദ് ചെയ്ത് ശരിയാകുന്നവർക്ക് രണ്ട് പ്രതിഫലവും തെറ്റാകുന്നവർക്ക് ഒരു പ്രതിഫലവുമുണ്ട്' എന്നു തുടങ്ങിയ പ്രവാചക വചനങ്ങളും ഈ പ്രവണതയെ ത്വരിപ്പിച്ചു. ഇജ്തിഹാദിനെ ഒരു ഇസ്‌ലാമിക നിയമസ്രോതസ്സായി അംഗീകരിക്കുന്നതിനുള്ള ഏറ്റവും പ്രബലമായ പ്രമാണമായി ഉദ്ധരിക്കപ്പെടാറു

ള്ളത് ബുഖാരി, മുസ്‌ലിം തുടങ്ങിയവർ നിവേദനം ചെയ്തിട്ടുള്ള ഹദീസാകുന്നു:

ഹസ്രത്ത് മുആദുബ്നു ജബലിനെ യമനിലേക്ക് ഗവർണറായി അയക്കാൻ തീരുമാനിച്ചപ്പോൾ നബി(സ) അദ്ദേഹത്തോട് ചോദിച്ചു: 'താങ്കളുടെ മുമ്പിൽ ഒരു പ്രശ്നം വന്നാൽ എങ്ങനെയാണ് വിധികൽപിക്കുക?'

മുആദ്: 'ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് വിധി കൽപിക്കും. അതിൽ കണ്ടില്ലെങ്കിൽ അല്ലാഹുവിന്റെ ദൂതന്റ ചര്യയനുസരിച്ച്. അതിലും കണ്ടില്ലെങ്കിൽ ഞാൻ ഇജ്തിഹാദ് ചെയ്ത് വിധി കൽപിക്കും. വീഴ്ചവരുത്തുകയില്ല.'

റസൂൽ തിരുമേനി മുആദിന്റെ മാറിൽ തട്ടിക്കൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതന് തൃപ്തികരമായത് തോന്നാൻ, അല്ലാഹുവിന്റെ ദൂതന്റെ ദൂതന് ഉതവി നൽകിയ അല്ലാഹുവിന് സ്തുതി.' കിതാബിലും സുന്നത്തിലും പരാമർശിക്കപ്പെടാത്ത പ്രശ്നങ്ങൾക്ക് ഇജ്തിഹാദിലൂടെ വിധി കണ്ടെത്തുമെന്ന മുആദിന്റെ നിലപാടിനെ നബി(സ) സഹർഷം അംഗീകരിച്ചുവെന്നതാണ് ഈ ഹദീസ് ഉൾക്കൊള്ളുന്ന തെളിവ്.

എങ്കിലും താബിഉകളുടെ കാലത്ത്, ഇജ്തിഹാദ് അനാശാസ്യമായി കരുതിയ ചില പണ്ഡിതന്മാരും ഉണ്ടായിരുന്നു. ഇവർ പൊതുവിൽ 'അഹ്‌ലുൽ ഹദീസ്' എന്നറിയപ്പെടുന്നു. മൗലിക പ്രമാണങ്ങളുടെ അക്ഷരങ്ങൾക്കപ്പുറം പോകാൻ മനുഷ്യർക്കവകാശമില്ല എന്നായിരുന്നു അവരുടെ നിലപാട്. ഹദീസുകൾ നിർലോഭം പ്രചരിച്ചുകൊണ്ടിരുന്ന ഹിജാസിലായിരുന്നു ഈ വിഭാഗം ഏറെയുണ്ടായിരുന്നത്. ഇജ്തിഹാദിനെ അനുകൂലിച്ചവർ 'അഹ്‌ലുർറഅ്‌യ്' എന്നാണറിയപ്പെട്ടത്. ഇറാഖിൽ ഈ വിഭാഗത്തിനായിരുന്നു മുൻതൂക്കം. എല്ലാ ശരീഅത്തു വിധികൾക്കും യുക്തിപരമായ അടിത്തറയുണ്ട്. ആ അടിത്തറയിലൂടെ അത് വികസിപ്പിക്കാം എന്ന തത്ത്വമാണ് ഇജ്തിഹാദ് വാദത്തിന്നാധാരം. ശരീഅത്തുവിധികൾ യുക്ത്യതീതങ്ങളും കേവല ദൈവികങ്ങളുമാകുന്നു എന്നാണ് അഹ്‌ലുൽ ഹദീസ് സിദ്ധാന്തിച്ചത്.

എന്നാൽ അഹ്‌ലുൽ ഹദീസിന് അവരുടെ ഇജ്തിഹാദ് നിഷേധം സമർഥിക്കാൻതന്നെ ചില ഇജ്തിഹാദുകളൊക്കെ വേണ്ടിവന്നു എന്നതാണ് യാഥാർഥ്യം. ക്രമേണ ഈ വാദം അസ്തവീര്യമാവുകയും ഇജ്തിഹാദ് പ്രചുരമാവുകയും ചെയ്തു. മുസ്‌ലിംലോകം വൈജ്ഞാനികമായി പുരോഗമിച്ചതോടെ ശരീഅത്തിനു നിദാനശാസ്ത്രങ്ങളും ഇജ്തിഹാദിനു വ്യക്തമായ നിയമ–നിബന്ധനകളും ഉരുത്തിരിഞ്ഞുവന്നു.

## ഇജ്തിഹാദിന്റെ നിദാനങ്ങളും പരിധികളും

ഖുർആൻ, സുന്നത്ത്, മനുഷ്യബുദ്ധി ഇവ മൂന്നുമാണ് ഇജ്തിഹാദിന്റെ അടിസ്ഥാനശിലകൾ. ഖുർആനിലോ സുന്നത്തിലോ ഖണ്ഡിതമായി നൽകപ്പെട്ട വിധികളിൽ ഇജ്തിഹാദിന് പഴുതില്ല. എന്നാൽ ഖണ്ഡിതമായി വന്നിട്ടുള്ള വിധികൾ അതേപടി നടപ്പാക്കുക അങ്ങേയറ്റം വിഷമകരമോ ശരീഅത്തിന്റെ മൗലിക ലക്ഷ്യത്തിനു വിരുദ്ധമോ ആയിത്തീരുന്ന സാഹചര്യങ്ങളിൽ ആ വിധികളിൽ ഇജ്തിഹാദ് പ്രസക്തമാണോ? ഈ വിഷയത്തിൽ അഭിപ്രായാന്തരമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പ്രമാണങ്ങളെ സോപാധികമാക്കുക(തഖ്‌യീദ്)യോ പരിമിതപ്പെടുത്തുക(തഖ്സീസ്)യോ ചെയ്തുകൊണ്ട് വിഷമം ലഘൂകരിക്കുന്നതിന് മുജ്തഹിദുകൾക്ക് അവകാശമുണ്ട് എന്നാണ് പ്രബല പക്ഷം. "അല്ലാഹു നിങ്ങൾക്ക് ലാളിത്യമുദ്ദേശിക്കുന്നു. ക്ലേശമുദ്ദേശിക്കുന്നില്ല" എന്ന ഖുർആൻ വാക്യമാണ് അവരുടെ ന്യായം. ശരീഅത്തിനെ പരിതഃസ്ഥിതികളോട് പൊരുത്തപ്പെടുത്തുന്ന പ്രക്രിയക്ക് ഭൂരിപക്ഷം പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ള അടിസ്ഥാന തത്ത്വങ്ങൾ ഇവയാണ് (ശാത്വബി- *അൽമുവാഫഖാത്ത്*):

–പരിതഃസ്ഥിതികളുടെ മാറ്റം വിധികളുടെ മാറ്റത്തെ നിഷേധിക്കുന്നില്ല.

–സന്ദിഗ്ധ ഘട്ടങ്ങളിൽ നിയമങ്ങൾ വികസിപ്പിക്കപ്പെടേണ്ടതാകുന്നു.

–പ്രയാസങ്ങൾ കഴിയുന്നേടത്തോളം ലഘൂകരിക്കപ്പെടണം.

–നിർബന്ധിതാവസ്ഥകൾ നിയമശാസനകളിൽനിന്ന് മുക്തമാകുന്നു.

–അനിവാര്യതകൾ നിഷിദ്ധങ്ങളെ അനുവദിക്കുന്നു.

മുസ്‌ലിംകൾ മുസ്‌ലിംകളോട് യുദ്ധം ചെയ്യാൻ പാടില്ല എന്ന പ്രാമാണിക ശാസനക്ക് വിപരീതമായി, സകാത്ത് വിലക്കിയ മുസ്‌ലിംകളോട് യുദ്ധം പ്രഖ്യാപിച്ച അബൂബക്റി(റ)ന്റെ നടപടിയും മോഷ്ടാവിന്റെ കരം ഛേദിക്കപ്പെടണമെന്ന വിധി ക്ഷാമകാലത്ത് നിർത്തിവെച്ച ഉമറി(റ)ന്റെ നടപടിയും, താൽക്കാലിക സാഹചര്യങ്ങളിൽ ഉളവാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് പ്രമാണങ്ങൾ ക്ലിപ്തപ്പെടുത്തുകയോ സോപാധികമാക്കുകയോ ചെയ്യാമെന്നതിനുള്ള ആധികാരികമായ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പ്രമാണങ്ങളെ വികസിപ്പിക്കുകയോ സങ്കോചിപ്പിക്കുകയോ ചെയ്യുന്നതിനുള്ള മാനദണ്ഡം, അഥവാ അത്തരം പ്രക്രിയയെ ന്യായീകരിക്കുന്ന കാരണവും സാഹചര്യവും ഏതാണ്? ശരീഅത്തിന്റെ ലക്ഷ്യങ്ങളായും മനുഷ്യജീവിതത്തിന്റെ ആണിക്കല്ലുകളായും പരിഗണിക്കപ്പെടുന്ന മൗലികാവശ്യങ്ങളുടെ സംരക്ഷണം എന്നാണ് അത് നിർവചിക്കപ്പെട്ടിട്ടുള്ളത്. മൗലികാവശ്യങ്ങൾ അഞ്ചായി നിർണയിക്കപ്പെട്ടിരിക്കുന്നു: മത സംരക്ഷണം, ആത്മസംരക്ഷണം, വംശ സംരക്ഷണം, ധനസംരക്ഷണം, ബുദ്ധി സംരക്ഷണം.

ഒരു കാര്യം അനിവാര്യമാവുക എന്നതിന്റെ വിവക്ഷ ഇതാണ്: അത് ദീനിന്റെയും ലൗകിക ജീവിതത്തിന്റെയും ആധാരമാവുക. അത് സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ നന്മ നഷ്ടപ്പെടുകയും കുഴപ്പങ്ങളും പ്രയാസങ്ങളും സംജാതമാവുകയും ചെയ്യുക (*അൽമുവാഫഖാത്ത്* വാ: 4, പേജ് 2). ശരീഅത്തിന്റെ ഏതെങ്കിലും വിധികൾ അതേപടി അനുസരിക്കുക ക്ലേശകരവും അനാരോഗ്യകരവുമായിത്തീരുന്ന സാഹചര്യങ്ങളിൽ അത്തരം വിധികളെ പുനർവ്യാഖ്യാനിച്ച് ഫത്‌വകൾ നൽകുന്നതിന്, യോഗ്യരായ പണ്ഡിതന്മാർക്ക് അവകാശമുണ്ട്. ഇബ്നു നജീമിന്റെ *അൽഅശ്ബാഹി*ലും ശാത്വബിയുടെ *മുവാഫഖാത്തി*ലും ഇത് സംബന്ധിച്ച് വിശദമായ ചർച്ചകൾ കാണാം.

ഇസ്‌ലാമിക ശരീഅത്തിന് സ്ഥായിയും ഭദ്രവുമായ അടിത്തറയോ അലംഘ്യമായ മൗലിക തത്ത്വങ്ങളോ ഇല്ലെന്നല്ല ഇതിനർഥം. മറിച്ച്, നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാഹചര്യങ്ങളെയഖിലം നേരിടാൻ പര്യാപ്തമാംവിധം വികസ്വരമാണ് ശരീഅത്തിന്റെ അസ്തിവാരവും മൗലിക തത്ത്വങ്ങളും എന്നത്രെ. ഒറ്റവാക്കിൽ പറഞ്ഞാൽ വ്യക്തിതലത്തിലും സാമൂഹികതലത്തിലും മനുഷ്യജീവിതം ക്ഷേമകരമായി ക്രമീകരിക്കുകയാണ് ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യം. ഒരു ശർഈ വിധി മനുഷ്യന്റെ ക്ലേശം ലഘൂകരിക്കുന്നതിനു പകരം കൂടുതൽ ക്ലേശം സൃഷ്ടിക്കുന്നു എന്നു കാണുന്ന സാഹചര്യം പ്രമാണങ്ങളെ ക്ലിപ്തപ്പെടുത്തുന്നതും പുനർവ്യാഖ്യാനിക്കുന്നതും ന്യായീകരിക്കുന്നു. ഈ പ്രക്രിയ ഏതെങ്കിലും നസ്സിനെ തിരസ്കരിക്കലല്ല. മറിച്ച് സന്ദർഭോചിതമായി ഒരു നസ്സിന്റെ സ്ഥാനത്ത് മറ്റൊരു നസ്സിനെ പരിഗണിക്കലാണ്.

## ഇജ്തിഹാദിന്റെ രൂപങ്ങൾ

പരമ്പരാഗതമായ ഇജ്തിഹാദിന് അഞ്ചു രൂപങ്ങളുണ്ട്. ഇജ്മാഅ്, ഖിയാസ്, ഇസ്തിഹ്സാൻ, മസാലിഹുൽ മുർസല, ഉർഫ്, അദില്ല (തെളിവുകൾ) എന്നാണ് ഇവ വ്യവഹരിക്കപ്പെടാറുള്ള

ത്.

**ഇജ്മാഅ്:** ഒരു നിശ്ചിത കാലഘട്ടത്തിലെ മുജ്തഹിദുകളെല്ലാം ഒരു പ്രത്യേക പ്രശ്നത്തിൽ ഏകകണ്ഠമായി സ്വീകരിച്ച നിലപാടാണ് ഇജ്മാഅ് (ആമിദി– അൽഅഹ്കാം വാ. 1 പേജ് 281). ഖുർആനും സുന്നത്തും കഴിഞ്ഞാലുള്ള ഏറ്റവും പ്രബലമായ ശർഈ പ്രമാണമായി ഗണിക്കപ്പെടുന്ന ഇജ്മാഅ്, യഥാർഥത്തിൽ സംഘടിതമായ ഇജ്തിഹാദാണ്. 'എന്റെ സമുദായം തെറ്റിൽ ഏകോപിക്കുകയില്ല' എന്ന നബിവചനം ഇജ്മാഇന്റെ ആധികാരികതയെ ബലപ്പെടുത്തുന്നു. അവലംബനീയമായ ശർഈ പ്രമാണത്തിന്റെ പിൻബലമില്ലാതെ ഒരു കാലഘട്ടത്തിലെ പണ്ഡിതനമാർ ഒന്നടങ്കം ഒരു കാര്യത്തിൽ യോജിക്കുകയില്ല എന്ന നിഗമനമാണ് ഇജ്മാഇന്റെ ബുദ്ധിപരമായ ആധാരം. അതുകൊണ്ട് ഇജ്മാഅ് ഉണ്ട് എന്നു തെളിയിക്കപ്പെട്ടാൽ മതി; അതിന്റെ പിന്നിലുള്ള പ്രമാണം അന്വേഷിക്കേണ്ടതില്ല. പ്രമാണം കണ്ടെത്തിയാൽ ആ വിധി ഇജ്മാഉം ഇജ്തിഹാദുമല്ല പ്രത്യുത, നസ്സ് ആയിത്തീരുന്നു. ഇജ്മാഅ് രണ്ട് തരമുണ്ട്: വാച്യമായ ഇജ്മാഉം മൗനമായ ഇജ്മാഉം. ഏകകണ്ഠമായ പ്രസ്താവനയാണ് വാച്യമായ ഇജ്മാഅ്. ഒരു സംഗതിയെ സംബന്ധിച്ച് എല്ലാ പണ്ഡിതന്മാരും മൗനം പാലിക്കുകയോ വിമർശിക്കാതിരിക്കുകയോ ചെയ്താൽ അത് മൗനമായ ഇജ്മാഅ് ആകുന്നു.

ഉമറി(റ)ന്റെ കാലശേഷം സ്വഹാബിവര്യന്മാർ വിവിധ ദേശങ്ങളിലായി ചിതിറിപ്പോയതോടെ ഇത്തരം ഇജ്മാഅ് അസാധ്യമായിത്തീർന്നിരുന്നു. വാർത്താമാധ്യമങ്ങളുടെ വികാസത്തോടെ, ആധുനിക കാലഘട്ടത്തിൽ അത് വീണ്ടും പ്രാപ്യമായ ഒരു നിയമസ്രോതസ്സായിക്കഴിഞ്ഞിട്ടുണ്ട്.

**ഖിയാസ്:** നിലവിലുള്ള ഖണ്ഡിതമായ ഒരുവിധിയുടെ ന്യായങ്ങളെയും നിമിത്തങ്ങളെയും ആധാരമാക്കി തത്തുല്യമായ പുതിയ പ്രശ്നങ്ങൾക്ക് വിധി കണ്ടെത്തുന്ന രീതിയാണ് ഖിയാസ്. പ്രമാണങ്ങളുടെ കൂട്ടത്തിൽ നാലാം സ്ഥാനമാണ് ഖിയാസിനുള്ളത്. ചില ശീഈ വിഭാഗങ്ങളും ളാഹിരികളും ഖിയാസിനെ അംഗീകരിക്കുന്നില്ല. അനിവാര്യ സാഹചര്യങ്ങളിലേ ഖിയാസിനെ അവലംബിക്കാവൂ എന്നാണ് ഹമ്പലികളുടെ നിലപാട്. എന്നാൽ ഭൂരിപക്ഷം പണ്ഡിതന്മാർ ഖിയാസിനെ നിയമനിർധാരണത്തിന്റെ അടിസ്ഥാന മാധ്യമങ്ങളിൽ സുപ്രധാനമായ ഒന്നായി അംഗീകരിച്ചിരിക്കുന്നു.

വിധിയുടെ ന്യായത്തിലും നിമിത്തത്തിലും ശാഖയെ മൂലത്തോട് തുല്യമാക്കുക എന്നാണ് ഖിയാസ് നിർവചിക്കപ്പെട്ടിട്ടുള്ളത്. ഇതിന് നാലു ഘടകങ്ങളുണ്ട്: 1. ഇജ്തിഹാദിന്നാധാരമാക്കുന്ന ഖണ്ഡിത വിധി അഥവാ മൂലം. 2. തുലനം ചെയ്യപ്പെടുന്ന നിയമമുക്തമായ പ്രശ്നം. 3. മൂലപ്രശ്നത്തിന്റെ വിധി. 4. ഇരു പ്രശ്നങ്ങളിലും തുല്യമായി കാണപ്പെടുന്ന നിമിത്തങ്ങളും ന്യായങ്ങളും.

## അനുബന്ധ രൂപങ്ങൾ

ഇജ്തിഹാദിന്റെ അവശേഷിക്കുന്ന രൂപങ്ങൾ സർവസമ്മതങ്ങളല്ല. ചിലർ തീരെ അംഗീകരിക്കുന്നില്ല. എങ്കിലും പലരും അവയെ അനുബന്ധ തെളിവുകൾ ആയി പരിഗണിച്ചിരിക്കുന്നു. ഖിയാസ് അടക്കമുള്ള തെളിവുകളൊന്നും ഉൾക്കൊള്ളാത്ത ചില പ്രശ്നങ്ങളും ഉയർന്നുവന്നപ്പോഴാണ് അനുബന്ധപ്രമാണങ്ങൾ ആവിഷ്കൃതമായത്. ഹനഫികൾ സ്വീകരിച്ച ഇസ്തിഹ്സാനും മാലികികൾ സ്വീകരിച്ച ഇസ്തിസ്ലാഹുമാണ് അനുബന്ധ പ്രമാണങ്ങളിൽ പ്രധാനപ്പെട്ടവ.

'പ്രബലമായ ഒരു ന്യായത്തിന്റെ പേരിൽ, ഒരു പ്രശ്നത്തിന് തത്തുല്യമായ പ്രശ്നങ്ങളുടെ വിധിയിൽനിന്ന് ഭിന്നമായ വിധി നൽകുക' എന്നാണ് അല്ലാമാ കർഖി ഇസ്തിഹ്സാനിനെ നിർവചിച്ചിട്ടുള്ളത്. പ്രബലമായ ന്യായം കൂടുതൽ പ്രബലമായ പ്രമാണമോ, നീതിയുടെയും പൊതു നന്മയുടെയും താൽപര്യമോ ആവാം.

മൂലപ്രമാണങ്ങൾ ബന്ധിക്കാത്ത എല്ലാ നന്മകളും പരിഗണിക്കപ്പെടുന്നത് പ്രയോജനകരവും തിന്മകളെ തടുക്കലും ആകുന്നു എന്നതാണ് ഇസ്തിസ്ലാഹിന്റെ അടിസ്ഥാനം. മൂലപ്രമാണങ്ങൾ പരിഗണിക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടില്ലാത്ത നല്ല കാര്യങ്ങൾ മസാലിഹുൽ മുർസലഃ അഥവാ നിയമമുക്തമായ നന്മകൾ എന്നു വിളിക്കപ്പെടുന്നു. ഏതെങ്കിലും സാഹചര്യം ഇത്തരം കാര്യങ്ങളിലും നിയമനിർമാണത്തെ തേടുന്നുവെങ്കിൽ ഉചിതമായ നിയമങ്ങൾ ആവിഷ്കരിക്കേണ്ടത് പണ്ഡിതന്മാരുടെ ബാധ്യതയാകുന്നു. ഇസ്തിസ്ലാഹ് പ്രാവർത്തികമാക്കേണ്ട സാഹചര്യം ഇപ്രകാരം നിർണയിക്കപ്പെട്ടിരിക്കുന്നു:

1. ഉത്തമ താൽപര്യങ്ങളുടെ സംരക്ഷണം.

2. നാശം തടയുക.

3. തിന്മകൾ സംജാതമാക്കുന്നതിനുള്ള സാധ്യതകൾ ഇല്ലായ്മ ചെയ്യുക. അഥവാ ശരീഅത്ത് നിയമങ്ങൾ ഭേദഗതി ചെയ്യാനോ നിരാകരിക്കപ്പെടാനോ ഇടയാകുന്ന സാഹചര്യം ഒഴിവാക്കുക.

4. കാലഘട്ടത്തിന്റെ സ്വഭാവം. ഇതു സംബന്ധിച്ച് പ്രചുരമായ ഒരു തത്ത്വമാണ് 'കാലത്തിന്റെ മാറ്റം വിധികളുടെ മാറ്റത്തെ നിഷേധിക്കുകയില്ല' എന്നത്.

ആളുകൾ അവരുടെ വാക്കിലും പ്രവൃത്തിയിലും പരമ്പരാഗതമായി അനായാസം ആചരിച്ചുപോരുന്നതും കിതാബിനും സുന്നത്തിനും എതിരല്ലാത്തതുമായ സമ്പ്രദായങ്ങളാണ് ഫിഖ്ഹിൽ പ്രസക്തമാകുന്ന 'ഉർഫ്'. 'ദീനിൽ അവൻ നിങ്ങൾക്ക് ഒരു ക്ലേശവും ഉണ്ടാക്കിയിട്ടില്ല' എന്ന ഖുർആൻ വാക്യവും 'മുസ്ലിംകൾ നല്ലതായി കാണുന്നത് അല്ലാഹുവിങ്കലും നല്ലതാകുന്നു' എന്ന നബിവചനവുമാണ് ഉർഫിന്റെ ആധികാരികത സ്ഥാപിക്കുന്ന തെളിവുകളായി ഉന്നയിക്കപ്പെടുന്നത്. ഉർഫിനെ നിയമാവിഷ്കരണത്തിന് അവലംബമാക്കുന്നതിന് മൂന്ന് ഉപാധികൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്:

1. സമ്പ്രദായം സർവാംഗീകൃതമോ ഭൂരിപക്ഷം ആചരിച്ചുപോരുന്നതോ ആയിരക്കണം.

2. സമ്പ്രദായം നേരത്തേ നിലവിലുള്ളതായിരിക്കണം. ദിനേന മാറിക്കൊണ്ടിരിക്കുന്ന ഫാഷനുകൾ ഉർഫ് ആയി പരിഗണിക്കപ്പെടാവതല്ല.

3. ശരീഅത്തിന്റെ മൗലിക പ്രമാണങ്ങൾക്ക് വിരുദ്ധമാകാതിരിക്കണം. നമ്മുടെ കാലഘട്ടത്തിലെ പാരമ്പര്യ നിയമങ്ങൾ (Customary laws) ഏതാണ്ട് ഉർഫിനോട് സാദൃശ്യം പുലർത്തുന്നു.

## ഇജ്തിഹാദിന്റെ പ്രാധാന്യം

ഇസ്ലാമിക ശരീഅത്തിൽ ഇജ്തിഹാദ് എന്തുമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നും അതിന്റെ മേഖല എത്ര മാത്രം വിശാലമാണെന്നും ഈ ഹ്രസ്വാവലോകനത്തിൽനിന്നുതന്നെ വ്യക്തമാണല്ലോ. ഇജ്തിഹാദിന്റെ അഭാവത്തിൽ ശരീഅത്ത് പ്രവാചക കാലഘട്ടത്തിൽനിന്ന് ഒരടിപോലും മുന്നോട്ടുവെക്കുക സാധ്യമായിരുന്നില്ല. ഇസ്ലാം സാർവജനീനവും നിത്യ നൂതനവുമാണെന്നു പറയുന്നതിന്റെ അർഥംതന്നെ അതിന്റെ ശരീഅത്ത് വികസ്വരമാണെന്നത്രെ. ഒരേസമയത്ത്, ഇസ്ലാമിക ശരീഅത്ത് ശാശ്വതവും നിത്യ നൂതനവുമാണെന്നും, നാലാം നൂറ്റാണ്ടോടുകൂടി ഇജ്തിഹാദിന്റെ കവാടം കൊട്ടിയടക്കപ്പെട്ടിരിക്കുന്നുവെന്നും പറയുന്നത് നാലാം നൂറ്റാണ്ടോടുകൂടി കാലം നിശ്ചലമാണെന്നും മനുഷ്യപുരോഗതി നിലച്ചുകഴിഞ്ഞുവെന്നും പറയുന്നതിന് തുല്യമാണ്.

## ആരാണ് മുജ്തഹിദുകൾ?

എന്നാൽ തോന്നുന്നവർക്കെല്ലാം ഏറ്റെടുക്കാവുന്ന ഒരു ദൗത്യമല്ല ഇജ്തി

ഹാദ്. വിശ്വാസം, വിജ്ഞാനം, ആത്മാർഥത, ത്യാഗസന്നദ്ധത, ധിഷണാ വൈഭവം, ഗവേഷണൗൽസുക്യം തുടങ്ങിയ ഒട്ടേറെ ഉൽകൃഷ്ട ഗുണങ്ങൾ ആവശ്യപ്പെടുന്ന ഒരു മേഖലയാണത്. മുജ്തഹിദിന്റെ യോഗ്യതകളായി പൂർവ സൂരികൾ നിർദേശിച്ചിട്ടുള്ളതിങ്ങനെയാണ്: അയാൾ നീതിമാനും സൽസ്വഭാവിയുമായിരിക്കണം. ശർഈ പ്രമാണങ്ങളെയും അവയുടെ മാധ്യമങ്ങളെയും സംബന്ധിച്ച് അഗാധമായ അവഗാഹമുണ്ടായിരിക്കണം. അറബിഭാഷ, സാഹിത്യം, വ്യാകരണം, ഖുർആൻ വ്യാഖ്യാനം എന്നിവയിൽ പണ്ഡിതനായിരിക്കണം. സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം, സുന്നത്തുകൾ, അവയുടെ പശ്ചാത്തലങ്ങൾ, നിവേദകശ്രേണികളുടെ ബലാബലം, നിവേദകന്മാരുടെ ഗുണദോഷങ്ങൾ, നാസിഖ്, മൻസൂഖ് എന്നിവയിലെല്ലാം വ്യുൽപത്തി നേടിയിരിക്കണം. ശരീഅത്തിന്റെ ലക്ഷ്യങ്ങളെ സമ്പൂർണമായി ഗ്രഹിച്ചവനായിരിക്കണം (ശാത്വിബി–അൽമുവാഫഖാത്ത് വാ. 4 പേജ് 106). ഫിഖ്ഹിന്റെ എല്ലാ മേഖലകളിലും ഇജ്തിഹാദ് ചെയ്യുന്നവർക്ക് ഇപ്പറഞ്ഞ ഗുണങ്ങൾ പൂർണമായി തികഞ്ഞിരിക്കുക തന്നെ വേണം. എന്നാൽ ഏതെങ്കിലും വശങ്ങളിൽ മാത്രം പരിമിതമായ ഇജ്തിഹാദുകളിലേർപ്പെടുന്നവർക്ക് ആവശ്യവുമായി ബന്ധപ്പെട്ട യോഗ്യതകൾ തികഞ്ഞാൽ മതിയാകുമെന്നാണ് യുക്തിസഹമായ അഭിപ്രായം (ഡോ. സുബ്ഹി മഹ്മസ്വാനി– ഫൽസഫതുത്തശ്രീഅ്).

പക്ഷേ, ആധുനിക മുജ്തഹിദുകൾ, നാലാം നൂറ്റാണ്ടിലെ മുജ്തഹിദുകൾക്കുവേണ്ടി നിർദേശിക്കപ്പെട്ട യോഗ്യതകൾ മാത്രം നേടിയാൽ പോരാ. മുൻചൊന്ന യോഗ്യതകളോടൊപ്പം സാമാന്യമായ ലൗകിക വിജ്ഞാനവും അവർ നേടിയിരിക്കണം. അതുപോലെ തങ്ങൾ ഇജ്തിഹാദിലേർപ്പെടുന്ന വിഷയങ്ങളെക്കുറിച്ച് ആധുനിക ശാസ്ത്രം വെളിപ്പെടുത്തിയിട്ടുള്ള വസ്തുതകളെക്കുറിച്ചും ബോധവാന്മാരായിരിക്കണം.

ശാസ്ത്രീയ വാർത്താ മാധ്യമങ്ങളുടെ വികാസം, മുജ്തഹിദുകളുടെ ഇജ്മാഇനെ വീണ്ടും സുസാധ്യമാക്കിയിരിക്കുകയാണ്. ഈ വസ്തുത മുസ്‌ലിം സമൂഹമോ പണ്ഡിതന്മാരോ ഇനിയും വേണ്ടതുപോലെ പരിഗണിച്ചു കാണുന്നില്ല. മുജ്തഹിദുകളായ പണ്ഡിതന്മാർ ദേശീയ തലത്തിലും അന്താരാഷ്ട്രതലത്തിലും സഹകരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. വൈവിധ്യമാർന്ന ഒറ്റപ്പെട്ട ഇജ്തിഹാദുകൾ പെരുകുന്നതും പ്രചരിക്കുന്നതും ആരോഗ്യകരമല്ല. അത് അനർഹമായ മുജ്തഹിദുകളെയും അനാശാസ്യമായ ഇജ്തിഹാദുകളെയും സൃഷ്ടിക്കും. അത്തരം ഒരു സാഹചര്യം സംജാതമായപ്പോഴാണ്, നാലാം നൂറ്റാണ്ടോടുകൂടി ഇജ്തിഹാദിന്റെ കവാടം എന്നെന്നേക്കുമായി കൊട്ടിയടച്ചു എന്നു വാദിക്കപ്പെട്ടത്.

പഴയ കാലത്തെപ്പോലെ ഇജ്തിഹാദ് മതപണ്ഡിതന്മാർ തനിച്ചു ചെയ്താൽ പൂർത്തിയാകത്തവിധം ഇന്ന് വൈജ്ഞാനിക ലോകം വളർന്നിരിക്കുന്നു. മനുഷ്യൻ ഇതുവരെ സമാഹരിച്ച എല്ലാ വിജ്ഞാനങ്ങളും ഇസ്‌ലാമിക ശരീഅത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. എങ്കിലേ അത് സമ്പൂർണമാകൂ. ഇതിനായി ഓരോ വിഷയങ്ങളിൽ ഇജ്തിഹാദ് ചെയ്യുന്നവർ ആ വിഷയങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രങ്ങൾ പഠിച്ച വിദഗ്ധന്മാരുടെ സഹായം തേടേണ്ടതാണ്. ഉദാഹരണമായി, സാമ്പത്തിക കാര്യങ്ങളിൽ ഇജ്തിഹാദ് ചെയ്യുന്നവർ ധനശാസ്ത്രജ്ഞന്മാരുമായും ഭക്ഷണ സാധനങ്ങളെക്കുറിച്ച് ഇജ്തിഹാദ് ചെയ്യുന്നവർ വൈദ്യശാസ്ത്ര വിശാരദന്മാരുമായും ആശയവിനിമയം ചെയ്യാൻ ശ്രമിക്കണം.

## ഇജ്തിഹാദും ശരീഅത്ത് ഭേദഗതിയും

ഖുർആനിനെയും സുന്നത്തിനെയും, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പര്യാപ്തമാംവിധം വ്യാഖ്യാനിക്കുകയാണ് ഇജ്തിഹാദ്. ഒരു പ്രത്യേക കാലഘട്ടത്തിൽ നടപ്പിലാക്കപ്പെടുന്ന ശരീഅത്ത് നിയമങ്ങളെ പിൽക്കാലത്ത് പരിഷ്കരിക്കാനുള്ള ഒരേയൊരു മാധ്യമവും അതാണ്. ശരീഅത്തിൽ ഇജ്തിഹാദിലൂടെയല്ലാതെ മറ്റേത് ഏജൻസിയിലൂടെയും വരുന്ന പരിഷ്കരണങ്ങൾ അനർഹവും അസ്വീകാര്യവുമാകുന്നു. ഒരുകാലത്ത് നടപ്പിലാക്കപ്പെടുന്ന ശരീഅത്ത് നിയമങ്ങൾ എക്കാലത്തും അതേ രൂപത്തിൽ നിലനിൽക്കുമെന്നോ നിലനിർത്തമെന്നോ കരുതുന്നത് വ്യാമോഹമാണ്. ഏതു രാജ്യത്തായാലും അനിസ്‌ലാമിക ഗവർണമെന്റുകളാൽ നടപ്പിലാക്കപ്പെടുന്ന ശരീഅത്ത് നിയമങ്ങളിൽ കാലാകാലങ്ങളിൽ ആവശ്യമായിവരുന്ന പരിഷ്കരണങ്ങൾ നിർദേശിക്കാനും അംഗീകരിപ്പിക്കാനും അതതു രാജ്യങ്ങളിലെ മതപണ്ഡിതന്മാർ ശ്രദ്ധിക്കണം. അല്ലാത്തപക്ഷം അതിനു കാലഘട്ടവുമായി പൊരുത്തപ്പെടാൻ കഴിയില്ല. കാലം, അതിനോട് പൊരുത്തപ്പെടാത്ത യാതൊന്നിനെയും നിലനിൽക്കാൻ അനുവദിക്കുകയുമില്ല. ഇജ്തിഹാദിന്റെ വാതിലടച്ചു കുത്തിയിരിക്കുന്നവർക്ക് ഈ യാഥാർഥ്യം മനസ്സിലാക്കാനോ മനസ്സിലാക്കിയാലും പരിഷ്കരണങ്ങൾ നിർദേശിക്കാനോ കഴിയുകയില്ല.

ഇന്ന് ഇന്ത്യയിൽ വെല്ലുവിളിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്‌ലിം പേഴ്സണൽ ലായെ സംബന്ധിച്ചും ഈ വസ്തുത പ്രസക്തമാകുന്നു. നമ്മുടെ ശരീഅത്ത് നിയമങ്ങളിൽ ആധുനിക സാഹചര്യത്തിൽ ശരീഅത്തിന്റെ മൗലിക ലക്ഷ്യങ്ങളോടു പൊരുത്തപ്പെടാത്ത വല്ല വിധികളുമുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അത് മൗലിക ലക്ഷ്യങ്ങൾക്കനുഗുണമാംവിധം പുനഃസംവിധാനിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കേണ്ടതും ഭാരതത്തിലെ മതപണ്ഡിതന്മാരുടെ ബാധ്യതയാണ്.

## തഖ്‌ലീദ്

ഇജ്തിഹാദിന്റെ വിപരീതമാണ് തഖ്‌ലീദ്. നിയമത്തിന്റെ പ്രമാണമോ പ്രഭവമോ ന്യായമോ അറിയാതെ, ഒരു പണ്ഡിതനെയോ ഇമാമിനെയോ പിന്തുടരുക (മുഹമ്മദ് അബ്ദു– തഫ്സീറുൽ മനാർ) എന്നാണ് സാങ്കേതികമായി തഖ്‌ലീദ് നിർവചിക്കപ്പെട്ടിട്ടുള്ളത്. പാമരന്മാരായ സാധാരണക്കാരെ സംബന്ധിച്ചേടത്തോളം ദീനീ വിഷയങ്ങളിൽ, തങ്ങൾക്ക് ഏറെ വിശ്വാസമുള്ള ഒരു ഇമാമിനെയോ പണ്ഡിതനെയോ അനുകരിക്കുകയല്ലാതെ നിർവാഹമില്ല.

ഇജ്തിഹാദ് പോലെ തഖ്‌ലീദും പണ്ടുമുതലേ ഒരു വിവാദവിഷയമാണ്. നിർബന്ധം മുതൽ ഹറാം വരെയുള്ള അഭിപ്രായങ്ങൾ ഇതിലുമുണ്ട്. ഇക്കാലത്ത്, അറിയപ്പെട്ട ഏതെങ്കിലുമൊരു മദ്ഹബ് പിൻപറ്റേണ്ടത് നിർബന്ധമാണെന്ന് ഇജ്തിഹാദ് നിഷേധികളായ എല്ലാവരും വാദിക്കുന്നു. തഖ്‌ലീദ് ഹറാമാണെന്ന് വാദിച്ചവരിലെ പ്രമുഖനാണ് ഇമാം ഇബ്നു ഹസം (ശാ വലിയുല്ലാഹ്– ഇഖ്ദുൽ ജീദി ഫീ അഹ്കാമിൽ ഇജ്തിഹാദി വത്തഖ്‌ലീദ്, പേജ് 40).

തഖ്‌ലീദിനെ നാലായി തരം തിരിക്കാവുന്നതാണ്:

1. വ്യക്ത്യനുകരണം (തഖ്‌ലീദ് ശഖ്സിയ്യ). ഏതെങ്കിലും ഒരു വ്യക്തിയെ സത്യത്തിന്റെ മാനദണ്ഡമായി കരുതി അനുകരിക്കുകയാണിത്. നബി(സ)യെ മാത്രമേ ഇങ്ങനെ കരുതാനും അനുകരിക്കാനും പാടുള്ളൂ. പക്ഷേ, പരിശുദ്ധ ഖുർആന്റെയും പ്രവാചക ചര്യയുടെയും സമ്പൂർണ വാഹകരാണെന്ന് ബോധ്യപ്പെട്ട മറ്റുള്ളവരെയും വ്യക്ത്യനുകരണം ചെയ്യാവുന്നതാണെന്ന് ഒരു പക്ഷമുണ്ട്.

2. സ്വതന്ത്രമായ അനുകരണം (തഖ്‌ലീദ് മുത്‌ലഖ്). ഒരു പ്രത്യേക മദ്ഹബിൽ ഉറച്ചുനിൽക്കാതെ ഓരോ പ്രശ്നങ്ങളിലും തനിക്ക് ഏറെ ബോധ്യപ്പെട്ട മദ്ഹബുകളെ അംഗീകരിക്കുകയാണിത്. ഏത് മദ്ഹബിലെ പണ്ഡിതന്മാരോടും

ഫത്വ ആവശ്യപ്പെടുന്നതിന് അയാൾക്ക് തടസ്സമില്ല. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ നിലവിലിരുന്ന തഖ്‌ലീദ് ഈ രീതിയിലുള്ളതായിരുന്നു.

3. കേവല അനുകരണം (തഖ്‌ലീദ് മഹ്ള്). ഇത് തഖ്‌ലീദ് മുത്‌ലഖിന്റെ വിപരീതമാകുന്നു. അതായത്, എല്ലാ പ്രശ്നങ്ങളിലും എന്നും ഒരു ഇമാമിനെത്തന്നെ അനുകരിക്കേണ്ടത് നിർബന്ധമാണ് എന്ന നിലയിൽ അനുകരിക്കുക.

4. മരവിച്ച തഖ്‌ലീദ് (തഖ്‌ലീദ് ജാമിദ്). ഇത് കേവല അനുകരണത്തിന്റെ ആത്യന്തിക രൂപമാണ്. തഖ്‌ലീദ് ജാമിദിൽ, മുഖല്ലിദ് തന്റെ മദ്ഹബ് മാത്രമാണ് സത്യമെന്നും അതിൽ പിശകുണ്ടാവാൻ സാധ്യതയേ ഇല്ലെന്നും വിശ്വസിച്ചുകൊണ്ട് അനുകരിക്കുന്നു. ഇസ്‌ലാമിക ശരീഅത്തിന്റെ ചൈതന്യത്തിന് നിരക്കാത്തതും ഖുർആൻ ആക്ഷേപിക്കുന്ന പിതൃപൂജയുടെ ഇനത്തിൽ പെട്ടതുമായ ഒരു നിലപാടാണിത്.

## നിഷിദ്ധമായ തഖ്‌ലീദുകൾ

തഖ്‌ലീദിന്റെ നിഷിദ്ധ രൂപങ്ങളെ മൊത്തത്തിൽ ഇങ്ങനെ സംഗ്രഹിക്കാം (ശാ വലിയുല്ലാഹ്- അൽ ഇൻസാഫ്, പേജ് 36):

1. മുജ്തഹിദ് ആയ ഒരാൾ മറ്റൊരു മുജ്തഹിദിനെ അനുകരിക്കുക.

2. തന്റെ മദ്ഹബിന്റെയോ ഇമാമിന്റെയോ അഭിപ്രായങ്ങൾ ഖുർആനിലൂടെയും സുന്നത്തിലൂടെയും സ്ഥിരപ്പെട്ട തത്ത്വങ്ങൾക്ക് വിരുദ്ധമാണ് എന്ന് ബോധ്യപ്പെട്ട ശേഷവും അദ്ദേഹത്തെ അനുകരിക്കുക.

3. ഇമാമിന്റെ അഭിപ്രായം തെറ്റാണെന്ന് ഗ്രഹിച്ച ശേഷവും അദ്ദേഹത്തെ അനുകരിക്കുന്നത് തുടരുക.

4. താൻ അനുകരിക്കുന്ന മദ്ഹബിന്റെ പുറത്തുള്ളവരോട് ഫത്വ ആവശ്യപ്പെടുന്നത് സാധുവല്ല എന്ന നിലപാടോടുകൂടി ഒരു മദ്ഹബിനെ അനുകരിക്കുക. ഉദാഹരണമായി, ശാഫിഈ മദ്ഹബുകാരൻ ഹനഫീ മദ്ഹബുകാരനോട് ഫത്വ ചോദിക്കുക. കേവല അനുകരണവും മരവിച്ച അനുകരണവും നിഷിദ്ധമായ തഖ്‌ലീദുകളുടെ ഗണത്തിൽ പെടുന്നു.

ഒരു പണ്ഡിതന് ഒരു വിഷയത്തിലെങ്കിലും ഇജ്തിഹാദിന് കഴിവുണ്ടെന്ന് ന്യായമായ നിലയിൽ സ്വയം ബോധ്യപ്പെട്ടാൽ ആ വിഷയത്തിൽ അയാൾ മറ്റു മുജ്തഹിദുകളെ അനുകരിക്കാവതല്ല.

സാധുവായി സ്ഥിരപ്പെട്ട ഹദീസിനേക്കാൾ, തന്റെ ഇമാമിന്റെ അഭിപ്രായത്തിന് മുൻഗണന കൽപിച്ചവൻ ഇമാമിന് റസൂലിനേക്കാൾ മുൻഗണന കൽപിച്ചവനത്രെ. ■